# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ഏപ്രിൽ 4, ബുധൻ

## നമ്പർ 125

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മുന്നെണ്ണവും ഒന്നാം നമ്പർ അടിയന്തര ചോദ്യവും സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

22-3-2018-ലെ 453 - ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് 3-4-2018-ൽ മേശപ്പുറത്തുവച്ച തിരുത്തിയ ഉത്തരത്തെ ആധാരമാക്കിയുള്ള ഉപചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

പെട്രോൾ, ഡീസൽ വിലവർദ്ധനവിനെത്തുടർന്ന് എക്സൈസ് തീരുവ ഇനത്തിൽ ലഭിക്കുന്ന അധിക വരുമാനം ഉപേക്ഷിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. ധനകാര്യവും കയറും വകുപ്പുമന്ത്രി നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ബി.ജെ.പി ഒഴികെയുള്ള പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള കനാലുകളുടെ പുറമ്പോക്കിൽ ദീർഘകാലമായി താമസിച്ചുവരുന്നവരുടെ

കൈവശഭൂമിയ്ക്ക് പട്ടയം നല്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.കെ.ബി.ഗണേഷ് കുമാർ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ ഗിരിവർഗ്ഗക്കാരുടെ ക്ഷേമത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നീക്കിവച്ച ഫണ്ടുകൾ ചെലവഴിച്ചതിനെപ്പറ്റി ധവളപത്രം പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഒ. രാജഗോപാൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എസ്. ശർമ്മ | തൊഴിൽ സുരക്ഷ | മുഖ്യമന്ത്രി |
| 2 | ശ്രീ. അടൂർ പ്രകാശ് | തനുജയുടെ മരണത്തിൽ അന്വേഷണം | മുഖ്യമന്ത്രി |
| 3 | ശ്രീമതി പി. അയിഷാ പോറ്റി | കൊട്ടാരക്കരയിൽ അഡീഷണൽ ഡിസ്ട്രിക്ട് സെഷൻ കോടതി ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. എൻ. ഷംസുദ്ദീൻ | സഫീർ കൊലപാതക കേസ് പ്രതികളെ അറസ്റ്റ് ചെയ്യുന്നത് | മുഖ്യമന്ത്രി |
| 5 | ശ്രീ. കെ. വി. വിജയദാസ് | സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം | മുഖ്യമന്ത്രി |
| 6 | ശ്രീ. പി. ടി. തോമസ് | ഗണക സമുദായത്തിന്റെ ആനുകൂല്യങ്ങൾ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | വണ്ടിക്കടവ് കോളനിയിലെ വിനോദിന്റെ മരണവും വിജയന്റെ തിരോധാനവും | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 8 | ശ്രീ. എം. വിൻസെന്റ് | വെള്ളായണി ശുദ്ധജല തടാകത്തിലെ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 9 | ശ്രീ. സണ്ണി ജോസഫ് | ലാന്റ് ട്രിബ്യൂണലിലെ കേസുകൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ജോൺ ഫെർണാണ്ടസ് | ചെല്ലാനം പഞ്ചായത്തിൽ കടൽഭിത്തി പുനസ്ഥാപിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 11 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കടൽത്തീര സംരക്ഷണം | ജലവിഭവ വകുപ്പുമന്ത്രി |
| 12 | ശ്രീ. പി. ഉബൈദുള്ള | പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 13 | ശ്രീ. ഹൈബി ഈഡൻ | എറണാകുളം ജില്ലയിലെ റോഡുകളുടെ നവീകരണം | ഗതാഗത വകുപ്പുമന്ത്രി |
| 14 | ശ്രീ. വി. ഡി. സതീശൻ | ട്രഷറികളിൽ പാർക്ക് ചെയ്തിരുന്ന തുക പിൻവലിച്ചത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 15 | ശ്രീ. കെ. സുരേഷ് കുറുപ്പ് | ഡെങ്കിപ്പനി തടയുന്നതിന് ജൈവ കീടനാശിനി ഉപയോഗിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 16 | ശ്രീ. എ. പ്രദീപ്കുമാർ | ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 17 | ശ്രീ. എം. സ്വരാജ് | തൃപ്പൂണിത്തുറ ആയുർവേദ കോളേജിലെ വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | ശ്രീ. റ്റി. വി. രാജേഷ് | ആശുപത്രി മാലിന്യ സംസ്കരണം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 19 | ശ്രീ. അബ്ദുൽ ഹമീദ് .പി. | പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 20 | ശ്രീ. ബി. ഡി. ദേവസ്സി | കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 21 | ശ്രീ. കെ. ദാസൻ | മേലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 22 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട്ടിലെ ചുരം റോഡുകൾക്ക് ബദൽ റോഡുകൾ നിർമ്മിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 23 | ശ്രീ. കെ. രാജൻ | മണ്ണുത്തി - വടക്കാഞ്ചേരി ദേശീയപാത നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 24 | ശ്രീ. എം. ഉമ്മർ | നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാത നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 25 | ശ്രീ. രാജു എബ്രഹാം | പുനലൂർ-പൊൻകുന്നം കെ.എസ്.ടി.പി.റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 26 | ശ്രീ. കെ. എസ്. ശബരീനാഥൻ | ബോണക്കാട് എസ്റ്റേറ്റ് സർക്കാർ ഏറ്റെടുക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 27 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | സംസ്ഥാനത്തെ റേഷൻ കടകളിൽ ഇ -പോസ് മെഷീനുകൾ സ്ഥാപിക്കുന്നത് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 28 | ഡോ. എം. കെ. മുനീർ | മാനാഞ്ചിറ പബ്ലിക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 29 | ശ്രീ. യു. ആർ. പ്രദീപ് | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി ഫിസിക്സ് ബിരുദം നേടിയവരെ അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 30 | ശ്രീ. എ. എൻ. ഷംസീർ | ഗസ്റ്റ് ലക്ചറർമാരുടെ ശമ്പള വർദ്ധനവ് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു:

(i) <u>ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:</u>

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 71/2018 | ജി. ഒ. (ആർറ്റി.) നമ്പർ 325/ 2018/ഹോം. | 30-1-2018 |
| 2 | 78/2018 | ജി. ഒ. (പി.) നമ്പർ 3/2018/ പി & എ ആർ ഡി. | 7-2-2018 |
| 3 | 121/2018 | ജി. ഒ. (എംഎസ്.) നമ്പർ 30/ 2018/ഹോം. | 1-3-2018 |
| 4 | 144/2018 | ജി. ഒ. (ആർറ്റി.) നമ്പർ 495/ 2018/ഹോം. | 16-2-2018 |
| 5 | 145/2018 | ജി. ഒ. (ആർറ്റി.) നമ്പർ 498/ 2018/ഹോം. | 16-2-2018 |
| 6 | 159/2018 | ജി. ഒ. (എംഎസ്.) നമ്പർ 58/ 2018/ജിഎഡി. | 13-3-2018 |
| 7 | 130/2018 | ജി. ഒ. (ആർറ്റി.) നമ്പർ 256/ 2018/നിയമം. | 6-3-2018 |
| 8 | 146/2018 | ജി. ഒ. (എംഎസ്.) നമ്പർ 38/2018/നിയമം. | 9-3-2018 |
| 9 | 102/2018 | ജി. ഒ. (പി.) നമ്പർ 3/2018/ടാൻ. | 19-2-2018 |
| 10 | 103/2018 | ജി. ഒ. (എംഎസ്.) നമ്പർ 2/ 2018/എഫ്&പി ഡി. | 15-2-2018 |
| 11 | 757/2017 | ജി. ഒ. (പി.) നമ്പർ 32/2017 /ഐ എൻ ഡി. | 8-11-2017 |
| 12 | 49/2018 | ജി. ഒ. (പി.) നമ്പർ 7/ 2018/ടാക്സസ്. | 27-1-2018 |
| 13 | 79/2018 | ജി. ഒ. (പി.) നമ്പർ 12/ 2018/ടാക്സസ്. | 7-2-2018 |
| 14 | 88/2018 | ജി.ഒ.(പി.) നമ്പർ 16/ 2018/ടാക്സസ്. | 15-2-2018 |
| 15 | 131/2018 | ജി.ഒ.(പി.) നമ്പർ 22/ 2018/ടാക്സസ്. | 6-3-2018 |
| 16 | 138/2018 | ജി. ഒ. (പി.) നമ്പർ 15/2018/ഫിൻ. | 6-2-2018 |
| 17 | 141/2018 | ജി. ഒ. (പി.) നമ്പർ 24/ 2018/ടാക്സസ്. | 9-3-2018 |
| 18 | 142/2018 | ജി. ഒ. (പി.) നമ്പർ 25/ 2018/ടാക്സസ്. | 9-3-2018 |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | 37/2018 | സ. ഉ. (അച്ചടി) നമ്പർ 6/2018/ തൊഴിൽ | 17-1-2018 |
| 20 | 69/2018 | ജി. ഒ. (എംഎസ്.) നമ്പർ 6/2018/ എൽബിആർ. | 28-1-2018 |
| 21 | 99/2018 | ജി. ഒ. (പി.) നമ്പർ 17/2018/ റ്റിഡി. | 20-2-2018 |
| 22 | 120/2018 | ജി. ഒ. (എംഎസ്.) നമ്പർ 8/2018/ എൽബിആർ. | 26-2-2018 |
| 23 | 126/2018 | ജി. ഒ. (എംഎസ്.) നമ്പർ 9/2018/ എൽബിആർ. | 2-3-2018 |
| 24 | 143/2018 | ജി. ഒ. (പി.) നമ്പർ 24/2018/ എൽബിആർ. | 5-3-2018 |
| 25 | 770/2016 | ജി. ഒ. (പി.) നമ്പർ 602/2016/ ആർഡി. | 20-12-2016 |
| 26 | 53/2017 | ജി. ഒ. (പി.) നമ്പർ 9/2017/ ആർഡി. | 27-1-2017 |
| 27 | 54/2017 | ജി. ഒ. (പി.) നമ്പർ 10/2017/ ആർഡി. | 27-1-2017 |
| 28 | 122/2018 | ജി. ഒ. (പി.) നമ്പർ 2/2018/ കോ-ഓപ്. | 17-1-2018 |
| 29 | 123/2018 | ജി. ഒ .(പി.) നമ്പർ 5/2018/ കോ-ഓപ്. | 24-1-2018 |
| 30 | 128/2018 | ജി .ഒ. (പി.) നമ്പർ 18/2018/ കോ-ഓപ്. | 24-2-2018 |
| 31 | 134/2018 | ജി. ഒ. (പി.) നമ്പർ 21/2018/ കോ-ഓപ്. | 28-2-2018 |
| 32 | 135/2018 | ജി. ഒ. (പി.) നമ്പർ 22/2018/ കോ-ഓപ്. | 1-3-2018 |
| 33 | 136/2018 | ജി. ഒ. (പി.) നമ്പർ 11/2018/ ആർഡി. | 5-3-2018 |
| 34 | 149/2018 | ജി. ഒ. (പി.) നമ്പർ 09/2018/ കോ-ഓപ്. | 4-2-2018 |
| 35 | 166/2018 | ജി. ഒ. (പി.) നമ്പർ 26/2018/ കോ-ഓപ്. | 17-3-2018 |
| 36 | 84/2018 | സ. ഉ. (അച്ചടി.) നമ്പർ 3/ 2017/മത്സ്യ. | 7-2-2018 |
| 37 | 95/2018 | ജി. ഒ. (പി.) നമ്പർ 11/2018/ എൽഎസ്ജിഡി. | 15-2-2018 |
| 38 | 96/2018 | ജി. ഒ. (പി.) നമ്പർ 12/2018/ എൽഎസ്ജിഡി. | 15-2-2018 |
| 39 | 148/2018 | ജി. ഒ. (പി.) നമ്പർ 15/2018/ എൽഎസ്ജിഡി. | 12-3-2018 |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | 2 | 3 | 4 |
| 1 | കോഴിക്കോട് സൈബർ പാർക്ക് | 2015-16 | വാർഷിക റിപ്പോർട്ട് |
| 2 | കേരള വാട്ടർ അതോറിറ്റി | 2011-12<br>2012-13 | ഭരണ റിപ്പോർട്ട് |
| 3 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2016-17 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് |
| 4 | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 5 | ഇംപ്ലിമെന്റേഷൻ ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് ,1995 | 2011-12 | വാർഷിക റിപ്പോർട്ട് |
| 6 | ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ എം) കേരള ലിമിറ്റഡ് | 2015 | വാർഷിക റിപ്പോർട്ട് |
| 7 | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 8 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | പ്രവർത്തന (ഭരണ) റിപ്പോർട്ടും വാർഷിക കണക്കുകളും |
| 9 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് |
| 10 | കേരള ഹൈസ്പീഡ് റയിൽ കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 മുതൽ 2016-17 വരെ | വാർഷിക കണക്കുകൾ |
| 11 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2015-16 | വാർഷിക ഭരണ റിപ്പോർട്ട് |
| 12 | കേരള സിറാമിക്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും |

| 1 | 2 | 3 | 4 |
|---|---|---|---|
| 13 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 14 | കണ്ണൂർ സർവകലാശാല | 2013-14<br>2014-15<br>2015-16 | ഓഡിറ്റ് റിപ്പോർട്ട് |
| 15 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല | 2015-16 | ഓഡിറ്റ് റിപ്പോർട്ടും അതിൻമേൽ സ്വീകരിച്ച നടപടികളും |

(iii) ചട്ടം 47(2) പ്രകാരം കാലതാമസ പത്രിക സഹിതം താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മേശപ്പുറത്തു വച്ചു

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ |
|---|---|---|
| 14 | 5 | 5841 |
| 14 | 9 | 1950, 2404 |
| 14 | 10 | 333 |

(iv) ചട്ടം 236 (5) പ്രകാരം:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II—ഭൂനികുതിയും ദേവസ്വവും | 2014-15 | 4 | 1, 3, 4, 9 |
| VII—വിദ്യുച്ഛക്തിയും, തൊഴിലും, തൊഴിലാളി ക്ഷേമവും | 2014-15 | 4 | 26 |
| IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 39 |
| | 2015-16 | 5 | 35 |
| VII—വിദ്യുച്ഛക്തിയും, തൊഴിലും, തൊഴിലാളി ക്ഷേമവും | 2016-17 | 1 | 83, 84, 85, 88, 90 |

(v) ചട്ടം 236 (6) പ്രകാരം:

| സബ്ജക്ട് കമ്മിറ്റി | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരികം | 2016-17 | പരിസ്ഥിതി വകുപ്പ് |
| XX—ശുദ്ധജല വിതരണവും ശുചീകരണവും | 2016-2017 | പരിസ്ഥിതി വകുപ്പ് |
| XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2013-2014 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2015-2016 | തൊഴിൽ വകുപ്പ്. |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരികം | 2016-2017 | പൊതുവിദ്യാഭ്യാസ വകുപ്പ് |
| XXI—നഗരവികസനം<br>XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2015-2016 | തദ്ദേശസ്വയംഭരണ വകുപ്പ് |
| XXXV— പഞ്ചായത്ത്<br>XXXVI—ഗ്രാമവികസനം | 2015-2016 | തദ്ദേശസ്വയംഭരണ വകുപ്പ് |

റിപ്പോർട്ടുകളുടെ സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(2) വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ റിപ്പോർട്ട്.

റിപ്പോർട്ട് പരിഗണന:

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടിന്റെ പരിഗണന മാറ്റിവച്ചതായി ബഹു. സ്പീക്കർ അറിയിച്ചു.

KNPP.1237/2018(i).

ഗവൺമെന്റ് പ്രമേയം:

1. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ചട്ടം 118 പ്രകാരം താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു:

"28 ലക്ഷത്തോളം കുട്ടികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുന്ന സി.ബി.എസ്.ഇ. ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച വിഷയം രാജ്യമാകെ ഗൗരവമായി ചർച്ചചെയ്യുകയാണ്. കേരളത്തിലും ലക്ഷദ്വീപിലുമായി 10-ാം ക്ലാസ്സിൽ 72489-ഉം 12-ാം ക്ലാസ്സിൽ 39726-ഉം വിദ്യാർത്ഥികളടക്കം 112215 വിദ്യാർത്ഥികളാണ് സി.ബി.എസ്.ഇ. പരീക്ഷ എഴുതിയത്.

മാർച്ച് 26-ന് നടന്ന 12-ാം ക്ലാസ് ഇക്കണോമിക്സ് പരീക്ഷാ ചോദ്യപേപ്പറും മാർച്ച് 28-ന് നടന്ന 10-ാം ക്ലാസ് ഗണിതം പരീക്ഷയുടെ ചോദ്യപേപ്പറുമാണ് ചോർന്നതായി ഇപ്പോൾ കണ്ടെത്തിയിരുന്നത്. മറ്റു ചില വിഷയങ്ങളുടെ ചോദ്യപേപ്പർ ചോർന്നതായും, രണ്ട് വർഷം മുമ്പത്തെ ചോദ്യപേപ്പർ ഈ വർഷം ലഭിച്ചതായിട്ടുള്ള പരാതികളും ഉയർന്നുവന്നിട്ടുണ്ട്. പരീക്ഷാ ചോദ്യ പേപ്പറുകൾ ചോർത്താനുള്ള ശ്രമങ്ങൾ പലപ്പോഴും നടക്കാറുണ്ട്. അതുകൊണ്ടുതന്നെ പരീക്ഷാബോർഡുകൾ പരീക്ഷാ നടത്തിപ്പ് കാലഘട്ടത്തിൽ നിതാന്ത ജാഗ്രത കൈക്കൊള്ളും.

സി.ബി.എസ്.ഇ. പരീക്ഷയുടെ കാര്യത്തിൽ ചോദ്യപേപ്പർ ചോർച്ച മാത്രമല്ല ലക്ഷക്കണക്കിന് കുട്ടികൾ എഴുതുന്ന പരീക്ഷയുടെ നടത്തിപ്പ് അതീവ ലാഘവത്തോടെ കണ്ടു എന്നതാണ് രാജ്യവ്യാപക പ്രതിഷേധത്തിനിടയാക്കിയത്. മാർച്ച് 26-ന് നടന്ന പന്ത്രണ്ടാം ക്ലാസ്സിലെ ഇക്കണോമിക്സ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതിനെക്കുറിച്ച് മാർച്ച് 23-ന് തന്നെ സി.ബി.എസ്.ഇ. ക്ക് വിവരം ലഭിച്ചിരുന്നു. അതുപോലെ 10-ാം ക്ലാസിലെ മാർച്ച് 28-ന് നടന്ന ഗണിതപരീക്ഷ നടക്കുന്നതിന് മണിക്കൂറുകൾക്കുമുമ്പ് തന്നെ സി.ബി.എസ്.ഇ. അധികൃതർക്ക് ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ട്.

12 -ാം തരത്തിലെ ഇക്കണോമിക്സ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് മാർച്ച് 17-ന് തന്നെ പഞ്ചാബിലെ ലുധിയാന DAV സ്കൂളിലെ 12-ാം ക്ലാസ്സ് വിദ്യാർത്ഥിനി ജാൻവി ബെഹൽ പ്രധാനമന്ത്രിക്ക് മാർച്ച് 17-ന് തന്നെ പരാതി അയച്ചതായ വിവരവും പുറത്തുവന്നിട്ടുണ്ട്. 10-ാം ക്ലാസ്സിലെ മാർച്ച് 28-ലെ ഗണിതശാസ്ത്ര പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച പരാതി 27-ന് അർദ്ധരാത്രിക്ക് ശേഷം സി.ബി.എസ്.ഇ. ചെയർമാന്റെ ഔദ്യോഗിക മെയിലിലേക്ക് അയച്ചുവെന്നാണ് ഡൽഹിയിലെ സെൻട്രൽ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 88/2018 കേസിലെ പ്രഥമവിവര റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത്തരത്തിൽ ചോദ്യപേപ്പർ ചോർച്ചയെക്കുറിച്ച് അധികൃതർക്ക് പരീക്ഷയ്ക്കുമുമ്പ് തന്നെ വിവരം ലഭിച്ചിട്ടും ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചില്ല പരാതികളെല്ലാം നിസാരമായി തള്ളിക്കളയുകയാണ് കേന്ദ്രസർക്കാരും സി.ബി.എസ്.ഇ. യും ചെയ്തത്. പരീക്ഷ റദ്ദാക്കേണ്ടിവരുമെന്ന് മുൻകൂട്ടി അറിഞ്ഞിട്ടും ലക്ഷക്കണക്കിന് കുട്ടികളെ എന്തിനുവേണ്ടി പരീക്ഷ എഴുതിച്ചു എന്നും ഇതുവഴി കുട്ടികളെ എന്തിന് മാനസികമായ പിരിമുറുക്കത്തിന് ഇടയാക്കി എന്നതിനും ഉത്തരം പറയാൻ അധികൃതർക്ക് ബാധ്യതയുണ്ട്. സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയും പന്ത്രണ്ടാം ക്ലാസ് പരീക്ഷയും എഴുതിയ 28 ലക്ഷത്തോളം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും വലിയ ഉത്കണ്ഠയിലാണ്. അവരുടെ മാനസികക്ലേശം വിവരണാതീതമാണ്.

പരീക്ഷാരംഗത്തെ കച്ചവടലോബികൾക്കും നിക്ഷിപ്തതാല്പര്യക്കാർക്കും കുട്ടികളുടെ ഭാവിയെ അമ്മാനമാടാൻ വിട്ടുകൊടുക്കുന്ന നടപടിയെ രാജ്യത്താർക്കും അംഗീകരിക്കാനാവില്ല. കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമുണ്ടായ ഉത്കണ്ഠയിലും പ്രയാസങ്ങളിലും കേരള നിയമസഭ പങ്കുചേരുന്നു. ചോദ്യപേപ്പർ ചോർച്ചയ്ക്കുത്തരവാദികളായ ഒരാളും രക്ഷപ്പെടാത്തവിധത്തിലുള്ള അന്വേഷണവും കുറ്റക്കാരുടെ പേരിൽ മാതൃകാപരമായ നടപടികളും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാത്ത വിധമുള്ള ശാസ്ത്രീയവും ഫലപ്രദവുമായ നടപടികളും സ്വീകരിക്കണമെന്നാണ് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ.എ.കെ.ബാലൻ ചട്ടം 118 പ്രകാരം താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു.

"രാജ്യത്തെ നാലിൽ ഒന്ന് വരുന്ന ജനവിഭാഗമായ പട്ടികവിഭാഗങ്ങളെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ് ബഹു.സുപ്രീംകോടതിയുടെ 20-3-2018-ലെ ഡോ.സുഭാഷ് കാശിനാഥ് മഹാജൻ V/s സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര മുതൽപേർ എന്ന കേസിലുണ്ടായ വിധി.

1989-ലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തിലെ 3-ാം വകുപ്പിൽ ഈ വിഭാഗത്തിനെതിരായ അതിക്രമങ്ങൾ ഗുരുതരമായ കുറ്റകൃത്യങ്ങളായി കാണുകയും അതിനെതിരായി കടുത്ത ശിക്ഷ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്. 4-ാം വകുപ്പിലാകട്ടെ, സർക്കാർ ജീവനക്കാർ അവരുടെ ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തിയാൽ ശിക്ഷ നൽകുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമത്തിലെ 18-ാം വകുപ്പ് പ്രകാരം, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് മുൻകൂർ ജാമ്യത്തിന് അർഹതയില്ല. എന്നാൽ ഈ വ്യവസ്ഥ പുതിയ സുപ്രീം കോടതി വിധി പ്രകാരം ഇളവ് ചെയ്യപ്പെട്ടിരിക്കുന്നു.

സുപ്രീം കോടതി വിധിപ്രകാരം സർക്കാർ ജീവനക്കാരൻ പ്രതിസ്ഥാനത്ത് വരുകയാണെങ്കിൽ അയാളെ അറസ്റ്റ് ചെയ്യുന്നതിന് മേലുദ്യോഗസ്ഥന്റെയും സർക്കാർ ഉദ്യോഗസ്ഥനല്ലാത്ത ഒരാൾ പ്രതിസ്ഥാനത്ത് വരുന്നപക്ഷം അയാളെ അറസ്റ്റ് ചെയ്യുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിന്റെയും അനുമതി ലഭ്യമാക്കണം. അപ്രകാരം അറസ്റ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് മേലുദ്യോഗസ്ഥൻ അല്ലെങ്കിൽ ജില്ലാ പോലീസ് സൂപ്രണ്ട് വ്യക്തമായ കാരണം രേഖപ്പെടുത്തണം. ഈ കാര്യങ്ങൾ മജിസ്ട്രേറ്റ് പരിശോധിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥകളുടെ ലംഘനം വകുപ്പുതല അച്ചടക്ക നടപടികൾക്കും പുറമെ കോടതി അലക്ഷ്യ നടപടികൾക്കും കൂടി വിധേയമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

രാജ്യത്തെ പട്ടികവിഭാഗങ്ങൾക്കിടയിൽ ഈ വിധി കടുത്ത ആശങ്കയുളവാക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും ശക്തമായ വിയോജിപ്പും പ്രതിഷേധവും കേന്ദ്ര സാമൂഹ്യനീതി വകുപ്പുമന്ത്രി ശ്രീ.തവാർചന്ദ് ഗഹലോട്ടിനെയും പട്ടികവർഗ്ഗകാര്യ വകുപ്പുമന്ത്രി ശ്രീ.ജുവൽ ഒറാമിനെയും സംസ്ഥാന സർക്കാർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെടുന്ന പ്രതികളിൽ പലരും വിചാരണ സമയത്ത് പല പല സ്വാധീനങ്ങളാൽ രക്ഷപ്പെടുന്ന സ്ഥിതിയാണ് പൊതുവിൽ ഉള്ളത്. എന്നാൽ ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്ക് ഉടൻ ജാമ്യം ലഭിക്കില്ലയെന്നതും മുൻകൂർ ജാമ്യത്തിന് വ്യവസ്ഥയില്ലാത്തതും ഈ വിഭാഗങ്ങൾക്കെതിരായ അക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ഒരു മുൻ കരുതലാണ്. ഈ നിയമ സംരക്ഷണമാണ് സുപ്രീം കോടതി വിധിമൂലം ഇല്ലായ്മ ചെയ്യപ്പെട്ടത്.

സുപ്രീം കോടതി വിധിയെ തുടർന്ന് ആശങ്കയിലായ രാജ്യത്തെ പട്ടികവിഭാഗങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങളെ കേന്ദ്രഭരണ കക്ഷി നയിക്കുന്ന ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ സർക്കാരുകൾ വളരെ ക്രൂരമായാണ് നേരിടുന്നത്. 2-4-2018-ന് വടക്കേ ഇന്ത്യയിൽ സമരക്കാരെ നേരിട്ട പോലീസ് 9 പേരെയാണ് വെടിവെച്ച് കൊന്നത്. പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാതെ പ്രക്ഷോഭകരെ തോക്കുകൊണ്ട് നേരിടുന്ന സമീപനം ഒട്ടും ന്യായീകരിക്കത്തക്കതല്ല. ഈ നിഷ്ഠുര സംഭവത്തെ അപലപിക്കുന്നതോടൊപ്പം പ്രസ്തുത വിധിക്കെതിരായി നിയമപരമായി സാധ്യമായ എല്ലാ വഴികളും സ്വീകരിക്കണമെന്നും വിധിയുടെ ദൂഷ്യഫലങ്ങൾ മറികടക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുകയും ചെയ്യുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

നിയമനിർമ്മാണകാര്യം:

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

I. 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ ബിൽ:

സ്പീക്കറുടെ റൂളിംഗ്:

2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലിന്റെ പരിഗണനയ്ക്കെതിരെ ശ്രീ. വി. ടി. ബൽറാം ഉന്നയിച്ച ക്രമപ്രശ്നത്തിന് സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നല്കി:

"സഭ ഇന്ന് പരിഗണിക്കാനിരിക്കുന്ന 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലിന് ആധാരമായ 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസിന്റെ സാധുത ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുകയും അന്തിമവിധി പുറപ്പെടുവിക്കാനിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇന്ന് ഈ ബിൽ പരിഗണിക്കുന്നത് ഉചിതമാണോ എന്നാണ് ശ്രീ. വി. ടി. ബൽറാം ചട്ടം 303 പ്രകാരം ഉന്നയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ഇവിടെ വിശദീകരിക്കുകയുണ്ടായി. സാധാരണഗതിയിൽ ഒരു ബിൽ സഭയുടെ പരിഗണനയ്ക്കായി വരുമ്പോൾ പ്രധാനമായും പരിഗണിക്കുന്നത് പ്രസ്തുത ബില്ലിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള നിയമനിർമ്മാണത്തിന് സഭയ്ക്ക് ഭരണഘടനാദത്തമായ Legislative Competency ഉണ്ടോ എന്നാണ്. ഭരണഘടനയും നടപടിച്ചട്ടവും അനുസരിച്ചുള്ള മറ്റ് നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ട്. അവയെല്ലാം തന്നെ ഈ ബില്ലിന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ട്. ഓർഡിനൻസിലെ വ്യവസ്ഥ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ചില ഭേദഗതികൾകൂടി ഔദ്യോഗിക ഭേദഗതിയായി ബില്ലിൽ നിർദ്ദേശിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചിരിക്കുകയാണ്. മാത്രമല്ല, ഈ ബില്ലിന് ആധാരമായ ഓർഡിനൻസിന്റെ സാധുത ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിൽ മാത്രമാണ്. അതിന്മേൽ അന്തിമവിധിയായിട്ടില്ല. അന്തിമവിധി വരാത്ത സാഹചര്യത്തിൽ സഭയ്ക്ക് അത് സംബന്ധിച്ച ബില്ലുമായി മുന്നോട്ടുപോകുന്നതിൽ ഒരു അപാകതയുമില്ല. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല."

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. പി. കെ. ബഷീർ സംസാരിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ)ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ.വി.ആർ.സുനിൽ കുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ആർ. രാമചന്ദ്രനും ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. സി. ജോസഫും അവതരിപ്പിച്ചു സംസാരിച്ചു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

(1) ഖണ്ഡം 2-ൽ "സർക്കാരിന്" എന്ന വാക്കിന് പകരം "2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസ (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിന്റെ (2017-ലെ 15) 3- ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക് (ഇതിനുശേഷം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി എന്നാണ് പരാമർശിക്കപ്പെടുക)" എന്ന വാക്കുകളും "സർക്കാർ" എന്ന വാക്കിനു പകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി" എന്ന വാക്കുകളും ചേർക്കുക.

(2) ഖണ്ഡം 2-ൽ "തൽസമയം" എന്ന വാക്കിനു പകരം "തത്സമയം" എന്ന വാക്ക് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

(3) (i) ഖണ്ഡം 3(2)-ന്റെ പ്രാരംഭ വാചകം താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഈ ആക്റ്റിൻ കീഴിൽ പ്രവേശനം ക്രമവൽക്കരിക്കുന്നതിനുള്ള ഓരോ അപേക്ഷയും ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും സർവ്വകലാശാല അങ്ങനെയുള്ള അപേക്ഷ താഴെ പറയുന്ന കാര്യങ്ങളിലുള്ള അതിന്റെ അഭിപ്രായം ഉൾക്കൊള്ളുന്ന റിപ്പോർട്ട് സഹിതം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക് കൊടുക്കേണ്ടതുമാണ്, അതായത് :—"

(ii) ഖണ്ഡം 3(3)-ൽ "സർക്കാർ, ഈ ആവശ്യത്തിലേക്കായി പ്രത്യേക ഉത്തരവുവഴി അധികാരപ്പെടുത്തിയേക്കാവുന്ന, ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ

കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ഈ ആക്ടിൻ കീഴിലുള്ള ഒരു അപേക്ഷ പരിഗണിക്കുന്നതിനുള്ള ക്ഷമതയുള്ള അധികാരസ്ഥാനം ആയിരിക്കേണ്ടതാണ്. " എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം " ഈ ആക്ടിൻ കീഴിലുള്ള ഒരു അപേക്ഷ പരിഗണിക്കുന്നതിനുള്ള ക്ഷമതയുള്ള അധികാരസ്ഥാനം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി ആയിരിക്കേണ്ടതും അപ്രകാരമുള്ള" എന്ന വാക്കുകൾ ചേർക്കുക.

(iii) ഖണ്ഡം 3(4)-ൽ, "സർക്കാർ" എന്ന വാക്കിനു പകരം " പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി " എന്ന വാക്കുകൾ ചേർക്കുക.

(iv) ഖണ്ഡം 3(5)-ൽ, "സർക്കാർ" എന്ന വാക്കിനു പകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി" എന്ന വാക്കുകൾ ചേർക്കുക.

(v) ഖണ്ഡം 3(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(6) പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക്, ഈ ആക്ടിൻ കീഴിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്ടിന്റെ (2017-ലെ 15) 8-ാം വകുപ്പിൻ കീഴിൽ നൽകിയിട്ടുള്ള അധികാരങ്ങൾക്ക് പുറമേ, അതിന്റെ സ്വന്തം ഉത്തരവുകളും 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റുനടപടികളും) ആക്ടിന്റെ (2006-ലെ 19) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവേശന മേൽനോട്ട സമിതി പുറപ്പെടുവിച്ച ഉത്തരവുകളും പുനഃപരിശോധിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്. "

(4) ഖണ്ഡം 3 (1)-ൽ "ഏതെങ്കിലും മെഡിക്കൽ കോളേജിലെ" എന്ന വാക്കുകൾക്കു മുൻപായി "സംസ്ഥാനത്ത്" എന്ന വാക്ക് ചേർക്കുക.

(5) ഖണ്ഡം 3 (1) -ന്റെ ക്ലിപ്തനിബന്ധനയിൽ "റിക്കാർഡുകൾ" എന്ന വാക്കിനും പകരം "രേഖകൾ" എന്ന വാക്ക് ചേർക്കുക.

(6) ഖണ്ഡം 3(3)-ൽ "സമൺ ചെയ്യുന്നതിനും" എന്ന വാക്കുകൾക്ക് പകരം "വിളിച്ചുവരുത്തുന്നതിനും" എന്ന വാക്ക് ചേർക്കുക.

(7) ഖണ്ഡം 3(5)-ൽ "സർവകലാശാലാ ആക്റ്റിലോ" എന്നതിന് പകരം "സർവകലാശാല ആക്റ്റിലോ" എന്നത് ചേർക്കുക.

<u>നാലാം വകുപ്പ്</u>

(8) ഖണ്ഡം 4(iv) ഒഴിവാക്കുക.

<u>അഞ്ചാം വകുപ്പ്</u>

(9) ഖണ്ഡം 5(1)-ൽ, " സർക്കാർ" എന്ന വാക്കിനുപകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി " എന്ന വാക്കുകൾ ചേർക്കുക.

(10) ഖണ്ഡം 5(1)-ൽ, "ക്രമവൽക്കരണ ഫീസായി" എന്നതിനു പകരം "സർക്കാരിൽ" എന്ന് ചേർക്കുക.

(11) ഖണ്ഡം 5(2)-ൽ, "പ്രകാരമുള്ള സർക്കാരിലേക്ക്" എന്നതിനു പകരം "പ്രകാരം സർക്കാരിലേക്ക്" എന്ന് ചേർക്കുക.

II. 2018 -ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രൻ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ.അടൂർ പ്രകാശ്, ശ്രീ.എം.ഉമ്മർ എന്നിവർ സംസാരിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ.യു.ആർ.പ്രദീപ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ.റ്റി.വി.രാജേഷും ബിൽ വീണ്ടും അതേ സബ്ജക്റ്റ്കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. എൻ. എ. ഖാദറും അവതരിപ്പിച്ചു സംസാരിച്ചു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ പാസ്സാക്കുകയും ചെയ്തു:

<u>രണ്ടാം വകുപ്പ്</u>

In section 8 C (1) of the principal Act proposed to be amended by Clause 2, after the words " in the absence of such an officer" the words " an officer not below the rank of" shall be inserted.

<u>അവകാശലംഘന പ്രശ്നം :</u>

<u>താഴെപ്പറയുന്ന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണെന്ന് സ്പീക്കർ അറിയിച്ചു</u>

2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നു മുതൽ പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികളിൽ ജാതി, മതം എന്നിവയുള്ള കോളങ്ങൾ പൂരിപ്പിക്കാതെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം സംബന്ധിച്ച 2018 മാർച്ച് 26-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 5266-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ, നിയമസഭാ ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ കാണിക്കേണ്ട ജാഗ്രത ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും മനഃപൂർവ്വവും ദുരുദ്ദേശപരവുമായി സഭയെ തെറ്റിദ്ധരിപ്പിക്കുവാനും വാർത്താ പ്രാധാന്യം കിട്ടുവാനും വേണ്ടി തെറ്റായ ഒരു വിവരം സഭയ്ക്ക് നൽകുക വഴി സഭയുടെ പ്രത്യേക അവകാശങ്ങൾ ലംഘിച്ചുവെന്നും ആരോപിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് ,എം. എൽ. എ. നൽകിയ നോട്ടീസ്.

<u>താഴെപ്പറയുന്ന അവകാശലംഘന നോട്ടീസുകൾക്ക് സ്പീക്കർ അനുമതി നിഷേധിച്ചു</u>

1. 27-11-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 354/2017/പൊ.ഭ.വ മുഖേന സർക്കാർ അതിഥി മന്ദിരത്തിൽ സ്യൂട്ട് റൂം അനുവദിക്കുന്നവരുടെ പട്ടികയിൽ നിന്ന് നിയമസഭാ സാമാജികരെയും എം. പി. മാരെയും ഒഴിവാക്കിയത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തിന്റെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ ശ്രീ. കെ. സി. ജോസഫ്, എം. എൽ. എ. നൽകിയ നോട്ടീസ്.

2. കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തിന്റെ പ്രാരംഭമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2017 ജൂൺ 3 - ാം തീയതി നടത്തിയ മെട്രോ റെയിൽ യാത്രയിൽ മെട്രോ റെയിൽപ്പാത കടന്നുപോകുന്ന സ്ഥലങ്ങളിലെ നിയമസഭാ സാമാജികരെ പങ്കെടുപ്പിച്ചില്ലായെന്നാരോപിച്ചു കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ.ഹൈബി ഈഡൻ, എം.എൽ.എ. നൽകിയ നോട്ടീസ്

3. 3-6-2017-ൽ കൊച്ചി മെട്രോയുടെ സോളാർ പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുവാൻ തീരുമാനിച്ചിരുന്ന ചടങ്ങിലേക്ക് തന്നെ ക്ഷണിക്കാതിരുന്നത് സംബന്ധിച്ച് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ഏലിയാസ് ജോർജിനെതിരെ ശ്രീ. അൻവർ സാദത്ത്, എം.എൽ.എ. നൽകിയ നോട്ടീസ്.

4. എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽ നിന്നും മാരകായുധങ്ങൾ കണ്ടെത്തിയതു സംബന്ധിച്ച് 5-5-2017-ൽ ശ്രീ. പി. ടി. തോമസ്, എം. എൽ. എ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ടുനൽകിയ

നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത് വസ്തുതാവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനയാണെന്നാരോപിച്ച് സർവ്വശ്രീ ഹൈബി ഈഡൻ, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ നൽകിയ നോട്ടീസ്.

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നതു സംബന്ധിച്ച് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിച്ചു.

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു.

വൈകുന്നേരം 3.45-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN—PART I

( Brief Record of Proceedings )

*Wednesday, April 4, 2018*

**No. 125**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day and Short notice question No.1 were answered orally. The supplementary question, on the corrected answer to Starred Question Number 453 of 22-3-2018 laid on the Table on 3-4-2018 were answered orally.

*Adjournment Motion:*

After hearing the Minister for Finance and Coir, the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and two other Members regarding the serious situation reported to have arisen consequent on the reluctance of the State Government to forgo the extra income from excise duty consequent on hike in price of petrol and diesel.

In protest against the attitude of the Government in the matter the Members belonging to the opposition staged a walk out.

*Calling Attention:*

(1) Shri K. B. Ganesh Kumar called the attention of the Minister for Water Resources to the necessity to issue title deed for land in possession of people living in Puramboke of Canals under the control of Water Resources Department. The Minister made a statement thereto.

(2) Shri O. Rajagopal called the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs to the necessity to publish a White Paper on the expenditure of Central and State Government Funds earmarked for the welfare of Tribals in the State. The Minister made a statement thereto.

*Matters raised under Rule 304*

The matters raised under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എസ്. ശർമ്മ | തൊഴിൽ സുരക്ഷ | മുഖ്യമന്ത്രി |
| 2 | ശ്രീ. അടൂർ പ്രകാശ് | തനൂജയുടെ മരണത്തിൽ അന്വേഷണം | മുഖ്യമന്ത്രി |
| 3 | ശ്രീമതി പി. അയിഷാ പോറ്റി | കൊട്ടാരക്കരയിൽ അഡീഷണൽ ഡിസ്ട്രിക്ട് സെഷൻ കോടതി ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. എൻ. ഷംസുദ്ദീൻ | സഫീർ കൊലപാതക കേസ് പ്രതികളെ അറസ്റ്റ് ചെയ്യുന്നത് | മുഖ്യമന്ത്രി |
| 5 | ശ്രീ. കെ. വി. വിജയദാസ് | സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം | മുഖ്യമന്ത്രി |
| 6 | ശ്രീ. പി. ടി. തോമസ് | ഗണക സമുദായത്തിന്റെ ആനുകൂല്യങ്ങൾ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | വണ്ടിക്കടവ് കോളനിയിലെ വിനോദിന്റെ മരണവും വിജയന്റെ തിരോധാനവും | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 8 | ശ്രീ. എം. വിൻസെന്റ് | വെള്ളായണി ശുദ്ധജല തടാകത്തിലെ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 9 | ശ്രീ. സണ്ണി ജോസഫ് | ലാന്റ് ട്രിബ്യൂണലിലെ കേസുകൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ജോൺ ഫെർണാണ്ടസ് | ചെല്ലാനം പഞ്ചായത്തിൽ കടൽഭിത്തി പുനഃസ്ഥാപിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 11 | ശ്രീ. ഇ. ടി.ടൈസൺ മാസ്റ്റർ | കടൽത്തീര സംരക്ഷണം | ജലവിഭവ വകുപ്പുമന്ത്രി |
| 12 | ശ്രീ. പി. ഉബൈദുള്ള | പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 13 | ശ്രീ. ഹൈബി ഈഡൻ | എറണാകുളം ജില്ലയിലെ റോഡുകളുടെ നവീകരണം | ഗതാഗത വകുപ്പുമന്ത്രി |
| 14 | ശ്രീ. വി. ഡി. സതീശൻ | ട്രഷറികളിൽ പാർക്ക് ചെയ്തിരുന്ന തുക പിൻവലിച്ചത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 15 | ശ്രീ. കെ. സുരേഷ് കുറുപ്പ് | ഡെങ്കിപ്പനി തടയുന്നതിന് ജൈവ കീടനാശിനി ഉപയോഗിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 16 | ശ്രീ. എ. പ്രദീപ്കുമാർ | ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 17 | ശ്രീ. എം. സ്വരാജ് | തൃപ്പൂണിത്തുറ ആയുർവേദ കോളേജിലെ വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 18 | ശ്രീ. റ്റി. വി. രാജേഷ് | ആശുപത്രി മാലിന്യ സംസ്കരണം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | ശ്രീ. അബ്ദുൾ ഹമീദ്. പി. | പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 20 | ശ്രീ. ബി. ഡി. ദേവസ്സി | കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 21 | ശ്രീ. കെ. ദാസൻ | മേലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 22 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട്ടിലെ ചുരം റോഡുകൾക്ക് ബദൽ റോഡുകൾ നിർമ്മിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 23 | ശ്രീ. കെ. രാജൻ | മണ്ണുത്തി - വടക്കാഞ്ചേരി ദേശീയപാത നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 24 | ശ്രീ. എം. ഉമ്മർ | നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 25 | ശ്രീ. രാജു എബ്രഹാം | പുനലൂർ-പൊൻകുന്നം കെ. എസ്. ടി. പി. റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 26 | ശ്രീ. കെ. എസ്. ശബരീനാഥൻ | ബോണക്കാട് എസ്റ്റേറ്റ് സർക്കാർ ഏറ്റെടുക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 27 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | സംസ്ഥാനത്തെ റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നത് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 28 | ഡോ. എം. കെ. മുനീർ | മാനാഞ്ചിറ പബ്ലിക്ക് ലൈബ്രറി ആന്റ് റിസർച്ച് സെന്റർ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 29 | ശ്രീ. യു. ആർ. പ്രദീപ് | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി ഫിസിക്സ് ബിരുദം നേടിയവരെ അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 30 | ശ്രീ. എ. എൻ. ഷംസീർ | ഗസ്റ്റ് ലക്ചറർമാരുടെ ശമ്പള വർദ്ധനവ് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table:*

The following papers were laid on the table:

*(i) As per Rule 166(1):*

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 71/2018 | ജി. ഒ. (ആർറ്റി.) നമ്പർ 325/ 2018/ഹോം. | 30-1-2018 |
| 2 | 78/2018 | ജി. ഒ. (പി.) നമ്പർ 3/2018/ പി&എആർഡി. | 7-2-2018 |
| 3 | 121/2018 | ജി. ഒ. (എംഎസ്.) നമ്പർ 30/ 2018/ഹോം. | 1-3-2018 |
| 4 | 144/2018 | ജി. ഒ. (ആർറ്റി.) നമ്പർ 495/ 2018/ഹോം. | 16-2-2018 |
| 5 | 145/2018 | ജി. ഒ. (ആർറ്റി.) നമ്പർ 498/ 2018/ഹോം. | 16-2-2018 |
| 6 | 159/2018 | ജി. ഒ. (എംഎസ്.) നമ്പർ 58/ 2018/ജിഎഡി. | 13-3-2018 |
| 7 | 130/2018 | ജി. ഒ. (ആർറ്റി.) നമ്പർ 256/ 2018/നിയമം. | 6-3-2018 |
| 8 | 146/2018 | ജി. ഒ. (എംഎസ്.) നമ്പർ 38/ 2018/നിയമം. | 9-3-2018 |
| 9 | 102/2018 | ജി. ഒ. (പി.) നമ്പർ 3/2018/ടാൻ. | 19-2-2018 |
| 10 | 103/2018 | ജി. ഒ. (എംഎസ്.) നമ്പർ 2/ 2018/എഫ്&പിഡി. | 15-2-2018 |
| 11 | 757/2017 | ജി. ഒ. (പി.) നമ്പർ 32/2017 /ഐഎൻഡി. | 8-11-2017 |
| 12 | 49/2018 | ജി. ഒ. (പി.) നമ്പർ 7/ 2018/ടാക്സസ്. | 27-1-2018 |
| 13 | 79/2018 | ജി. ഒ. (പി.) നമ്പർ 12/ 2018/ടാക്സസ്. | 7-2-2018 |
| 14 | 88/2018 | ജി.ഒ.(പി.) നമ്പർ 16/ 2018/ടാക്സസ്. | 15-2-2018 |
| 15 | 131/2018 | ജി.ഒ.(പി.) നമ്പർ 22/ 2018/ടാക്സസ്. | 6-3-2018 |
| 16 | 138/2018 | ജി. ഒ. (പി.) നമ്പർ 15/2018/ഫിൻ. | 6-2-2018 |
| 17 | 141/2018 | ജി. ഒ. (പി.) നമ്പർ 24/ 2018/ടാക്സസ്. | 9-3-2018 |
| 18 | 142/2018 | ജി. ഒ. (പി.) നമ്പർ 25/ 2018/ടാക്സസ്. | 9-3-2018 |

| 1 | 2 | 3 | 4 |
|---|---|---|---|
| 19 | 37/2018 | സ. ഉ. (അച്ചടി) നമ്പർ 6/2018/ തൊഴിൽ | 17-1-2018 |
| 20 | 69/2018 | ജി. ഒ. (എംഎസ്.) നമ്പർ 6/2018/ എൽബിആർ. | 28-1-2018 |
| 21 | 99/2018 | ജി. ഒ. (പി.) നമ്പർ 17/2018/റ്റിഡി. | 20-2-2018 |
| 22 | 120/2018 | ജി. ഒ. (എംഎസ്.) നമ്പർ 8/2018/ എൽബിആർ. | 26-2-2018 |
| 23 | 126/2018 | ജി. ഒ. (എംഎസ്.) നമ്പർ 9/2018/ എൽബിആർ. | 2-3-2018 |
| 24 | 143/2018 | ജി. ഒ. (പി.) നമ്പർ 24/2018/ എൽബിആർ. | 5-3-2018 |
| 25 | 770/2016 | ജി. ഒ. (പി.) നമ്പർ 602/2016/ ആർഡി. | 20-12-2016 |
| 26 | 53/2017 | ജി. ഒ. (പി.) നമ്പർ 9/2017/ ആർഡി. | 27-1-2017 |
| 27 | 54/2017 | ജി. ഒ. (പി.) നമ്പർ 10/2017/ ആർഡി. | 27-1-2017 |
| 28 | 122/2018 | ജി. ഒ. (പി.) നമ്പർ 2/2018/ കോ-ഓപ്. | 17-1-2018 |
| 29 | 123/2018 | ജി. ഒ .(പി.) നമ്പർ 5/2018/ കോ-ഓപ്. | 24-1-2018 |
| 30 | 128/2018 | ജി .ഒ. (പി.) നമ്പർ 18/2018/ കോ-ഓപ്. | 24-2-2018 |
| 31 | 134/2018 | ജി. ഒ. (പി.) നമ്പർ 21/2018/ കോ-ഓപ്. | 28-2-2018 |
| 32 | 135/2018 | ജി. ഒ. (പി.) നമ്പർ 22/2018/ കോ-ഓപ്. | 1-3-2018 |
| 33 | 136/2018 | ജി. ഒ. (പി.) നമ്പർ 11/2018/ ആർഡി. | 5-3-2018 |
| 34 | 149/2018 | ജി. ഒ. (പി.) നമ്പർ 09/2018/ കോ-ഓപ്. | 4-2-2018 |
| 35 | 166/2018 | ജി. ഒ. (പി.) നമ്പർ 26/2018/ കോ-ഓപ്. | 17-3-2018 |
| 36 | 84/2018 | സ. ഉ. (അച്ചടി.) നമ്പർ 3/ 2017/മഉവ. | 7-2-2018 |
| 37 | 95/2018 | ജി. ഒ. (പി.) നമ്പർ 11/2018/ എൽഎസ്ജിഡി. | 15-2-2018 |
| 38 | 96/2018 | ജി. ഒ. (പി.) നമ്പർ 12/2018/ എൽഎസ്ജിഡി. | 15-2-2018 |
| 39 | 148/2018 | ജി. ഒ. (പി.) നമ്പർ 15/2018/ എൽഎസ്ജിഡി. | 12-3-2018 |

*(ii ) Reports of various institutions:*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | 2 | 3 | 4 |
| 1 | കോഴിക്കോട് സൈബർ പാർക്ക് | 2015-16 | വാർഷിക റിപ്പോർട്ട് |
| 2 | കേരള വാട്ടർ അതോറിറ്റി | 2011-12<br>2012-13 | ഭരണ റിപ്പോർട്ട് |
| 3 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2016-17 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് |
| 4 | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 5 | ഇംപ്ലിമെന്റേഷൻ ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് ,1995 | 2011-12 | വാർഷിക റിപ്പോർട്ട് |
| 6 | ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ എം) കേരള ലിമിറ്റഡ് | 2015 | വാർഷിക റിപ്പോർട്ട് |
| 7 | റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 8 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | പ്രവർത്തന (ഭരണ) റിപ്പോർട്ടും വാർഷിക കണക്കുകളും |
| 9 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് |
| 10 | കേരള ഹൈസ്പീഡ് റയിൽ കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 മുതൽ 2016-17 വരെ | വാർഷിക കണക്കുകൾ |
| 11 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2015-16 | വാർഷിക ഭരണ റിപ്പോർട്ട് |
| 12 | കേരള സിറാമിക്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും |

| 1 | 2 | 3 | 4 |
|---|---|---|---|
| 13 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് |
| 14 | കണ്ണൂർ സർവകലാശാല | 2013-14<br>2014-15<br>2015-16 | ഓഡിറ്റ് റിപ്പോർട്ട് |
| 15 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല | 2015-16 | ഓഡിറ്റ് റിപ്പോർട്ടും അതിൻമേൽ സ്വീകരിച്ച നടപടികളും |

*(iii) The following answers along with delay statement as per Rule 47(2) were laid on the table.*

| Assembly | session | Unstarred question number |
|---|---|---|
| 14 | 5 | 5841 |
| 14 | 9 | 1950, 2404 |
| 14 | 10 | 333 |

*(iv) As per Rule 236 (5):*

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II—ഭൂനികുതിയും ദേവസ്വവും | 2014-15 | 4 | 1, 3, 4, 9 |
| VII—വിദ്യുച്ഛക്തിയും, തൊഴിലും, തൊഴിലാളി ക്ഷേമവും | 2014-15 | 4 | 26 |
| IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 39 |
| | 2015-16 | 5 | 35 |
| VII—വിദ്യുച്ഛക്തിയും, തൊഴിലും, തൊഴിലാളി ക്ഷേമവും | 2016-17 | 1 | 83, 84, 85, 88, 90 |

*(v) As per Rule 236 (6) :*

| സബ്ജക്റ്റ് കമ്മിറ്റി | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരികം | 2016-17 | പരിസ്ഥിതി വകുപ്പ് |
| XX—ശുദ്ധജല വിതരണവും ശുചീകരണവും | 2016-2017 | പരിസ്ഥിതി വകുപ്പ് |
| XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2013-2014 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2015-2016 | തൊഴിൽ വകുപ്പ് |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരികം | 2016-2017 | പൊതുവിദ്യാഭ്യാസ വകുപ്പ് |
| XXI—നഗരവികസനം<br>XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2015-2016 | തദ്ദേശസ്വയംഭരണ വകുപ്പ് |
| XXXV—പഞ്ചായത്ത്<br>XXXVI—ഗ്രാമവികസനം | 2015-2016 | തദ്ദേശസ്വയംഭരണ വകുപ്പ് |

*Presentation of Reports:*

The following Reports were presented.

(1) The Report of the Subject Committee VI on narcotic substance abuse among school students.

(2) The Report of the Subject Committee-X on strengthening of Forest Conservation Committees and Eco Development Committees.

*Consideration of Report:*

The Speaker informed that the consideration of the Second Report of the Rules Committee has been postponed.

*Government Resolution:*

1. Shri Pinarayi Vijayan, Chief Minister moved the following resolution under Rule 118.

"28 ലക്ഷത്തോളം കുട്ടികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുന്ന സി.ബി.എസ്.ഇ. ചോദ്യപ്പേപ്പർ ചോർച്ച സംബന്ധിച്ച വിഷയം രാജ്യമാകെ ഗൗരവമായി ചർച്ചചെയ്യുകയാണ്. കേരളത്തിലും ലക്ഷദ്വീപിലുമായി 10-ാം ക്ലാസ്സിൽ 72489-ഉം 12-ാം ക്ലാസ്സിൽ 39726-ഉം വിദ്യാർത്ഥികളടക്കം 112215 വിദ്യാർത്ഥികളാണ് സി.ബി.എസ്.ഇ. പരീക്ഷ എഴുതിയത്.

മാർച്ച് 26-ന് നടന്ന 12-ാം ക്ലാസ്സ് ഇക്കണോമിക്സ് പരീക്ഷാചോദ്യപേപ്പറും മാർച്ച് 28-ന് നടന്ന 10-ാം ക്ലാസ്സ് ഗണിതം പരീക്ഷയുടെ ചോദ്യപേപ്പറുമാണ് ചോർന്നതായി ഇപ്പോൾ കണ്ടെത്തിയിരുന്നത്. മറ്റ് ചില വിഷയങ്ങളുടെ ചോദ്യപേപ്പർ ചോർന്നതായും, രണ്ട് വർഷം മുമ്പത്തെ ചോദ്യപേപ്പർ ഈ വർഷം ലഭിച്ചതായിട്ടുള്ള പരാതികളും ഉയർന്നുവന്നിട്ടുണ്ട്. പരീക്ഷാ ചോദ്യ പേപ്പറുകൾ ചോർത്താനുള്ള ശ്രമങ്ങൾ പലപ്പോഴും നടക്കാറുണ്ട്. അതുകൊണ്ടുതന്നെ പരീക്ഷാബോർഡുകൾ പരീക്ഷാ നടത്തിപ്പ് കാലഘട്ടത്തിൽ നിതാന്ത ജാഗ്രത കൈക്കൊള്ളും.

സി. ബി. എസ്. ഇ. പരീക്ഷയുടെ കാര്യത്തിൽ ചോദ്യപേപ്പർ ചോർച്ച മാത്രമല്ല ലക്ഷക്കണക്കിന് കുട്ടികൾ എഴുതുന്ന പരീക്ഷയുടെ നടത്തിപ്പ് അതീവ ലാഘവത്തോടെ കണ്ടു എന്നതാണ് രാജ്യവ്യാപക പ്രതിഷേധത്തിനിടയാക്കിയത്. മാർച്ച് 26-ന് നടന്ന പന്ത്രണ്ടാം ക്ലാസിലെ ഇക്കണോമിക്സ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതിനെക്കുറിച്ച് മാർച്ച് 23-ന് തന്നെ സി.ബി.എസ്.ഇ. ക്ക് വിവരം ലഭിച്ചിരുന്നു. അതുപോലെ 10-ാം ക്ലാസ്സിലെ മാർച്ച് 28-ന് നടന്ന ഗണിതപരീക്ഷ നടക്കുന്നതിന് മണിക്കൂറുകൾക്കുമുമ്പ് തന്നെ സി.ബി.എസ്.ഇ. അധികൃതർക്ക് ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ട്.

12-ാം തരത്തിലെ ഇക്കണോമിക്സ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് മാർച്ച് 17-ന് തന്നെ പഞ്ചാബിലെ ലുധിയാന DAV സ്കൂളിലെ 12-ാം ക്ലാസ്സ് വിദ്യാർത്ഥിനി ജാൻവി ബെഹൽ പ്രധാനമന്ത്രിക്ക് മാർച്ച് 17-ന് തന്നെ പരാതി അയച്ചതായ വിവരവും പുറത്തുവന്നിട്ടുണ്ട്. 10-ാം ക്ലാസ്സിലെ മാർച്ച് 28-ലെ ഗണിതശാസ്ത്ര പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച പരാതി 27-ന് അർദ്ധരാത്രിക്ക് ശേഷം സി.ബി.എസ്.ഇ. ചെയർമാന്റെ ഔദ്യോഗിക മെയിലിലേക്ക് അയച്ചുവെന്നാണ് ഡൽഹിയിലെ സെൻട്രൽ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 88/2018 കേസിലെ പ്രഥമവിവര റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത്തരത്തിൽ ചോദ്യപേപ്പർ ചോർച്ചയെക്കുറിച്ച് അധികൃതർക്ക് പരീക്ഷയ്ക്കുമുമ്പ് തന്നെ വിവരം ലഭിച്ചിട്ടും ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചില്ല. പരാതികളെല്ലാം നിസ്സാരമായി തള്ളിക്കളയുകയാണ് കേന്ദ്രസർക്കാരും സി.ബി.എസ്.ഇ.-യും ചെയ്തത്.

പരീക്ഷ റദ്ദാക്കേണ്ടിവരുമെന്ന് മുൻകൂട്ടി അറിഞ്ഞിട്ടും ലക്ഷക്കണക്കിന് കുട്ടികളെ എന്തിനുവേണ്ടി പരീക്ഷ എഴുതിച്ചു എന്നും ഇതുവഴി കുട്ടികളെ എന്തിനു മാനസികമായ പിരിമുറുക്കത്തിന് ഇടയാക്കി എന്നതിനും ഉത്തരം പറയാൻ അധികൃതർക്ക് ബാധ്യതയുണ്ട്. സി.ബി.എസ്.ഇ. പത്താം ക്ലാസ്സ് പരീക്ഷയും പന്ത്രണ്ടാം ക്ലാസ് പരീക്ഷയും എഴുതിയ 28 ലക്ഷത്തോളം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും വലിയ ഉത്കണ്ഠയിലാണ്. അവരുടെ മാനസികക്ലേശം വിവരണാതീതമാണ്.

പരീക്ഷാരംഗത്തെ കച്ചവടലോബികൾക്കും നിക്ഷിപ്തതാല്പര്യക്കാർക്കും കുട്ടികളുടെ ഭാവിയെ അമ്മാനമാടാൻ വിട്ടുകൊടുക്കുന്ന നടപടിയെ രാജ്യത്താർക്കും അംഗീകരിക്കാനാവില്ല. കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമുണ്ടായ ഉൽകണ്ഠയിലും പ്രയാസങ്ങളിലും കേരള നിയമസഭ പങ്കുചേരുന്നു. ചോദ്യപേപ്പർ ചോർച്ചയ്ക്കുത്തരവാദികളായ ഒരാളും രക്ഷപ്പെടാത്ത വിധത്തിലുള്ള അന്വേഷണവും കുറ്റക്കാരുടെ പേരിൽ മാതൃകാപരമായ നടപടികളും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാത്ത വിധമുള്ള ശാസ്ത്രീയവും ഫലപ്രദവുമായ നടപടികളും സ്വീകരിക്കണമെന്നാണ് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നത്.

The resolution was passed unanimously.

2. Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law,Culture and Parliamentary Affairs moved the following resolution under Rule 118.

"രാജ്യത്തെ നാലിൽ ഒന്ന് വരുന്ന ജനവിഭാഗമായ പട്ടികവിഭാഗങ്ങളെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ് ബഹു.സുപ്രീംകോടതിയുടെ 20-3-2018-ലെ ഡോ. സുഭാഷ് കാശിനാഥ് മഹാജൻ V/s സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര മുതൽപേർ എന്ന കേസിലുണ്ടായ വിധി.

1989-ലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തിലെ 3-ാം വകുപ്പിൽ ഈ വിഭാഗത്തിനെതിരായ അതിക്രമങ്ങൾ ഗുരുതരമായ കുറ്റകൃത്യങ്ങളായി കാണുകയും അതിനെതിരായി കടുത്ത ശിക്ഷ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്. 4-ാം വകുപ്പിലാകട്ടെ, സർക്കാർ ജീവനക്കാർ അവരുടെ ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തിയാൽ ശിക്ഷ നൽകുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമത്തിലെ 18-ാം വകുപ്പ് പ്രകാരം, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് മുൻകൂർ ജാമ്യത്തിന് അർഹതയില്ല. എന്നാൽ ഈ വ്യവസ്ഥ പുതിയ സുപ്രീം കോടതി വിധി പ്രകാരം ഇളവ് ചെയ്യപ്പെട്ടിരിക്കുന്നു.

സുപ്രീം കോടതി വിധിപ്രകാരം സർക്കാർ ജീവനക്കാരൻ പ്രതിസ്ഥാനത്ത് വരുകയാണെങ്കിൽ അയാളെ അറസ്റ്റ് ചെയ്യുന്നതിന് മേലുദ്യോഗസ്ഥന്റെയും സർക്കാർ ഉദ്യോഗസ്ഥനല്ലാത്ത ഒരാൾ പ്രതിസ്ഥാനത്ത് വരുന്നപക്ഷം അയാളെ അറസ്റ്റ് ചെയ്യുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിന്റെയും അനുമതി ലഭ്യമാക്കണം. അപ്രകാരം അറസ്റ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് മേലുദ്യോഗസ്ഥൻ അല്ലെങ്കിൽ ജില്ലാ പോലീസ് സൂപ്രണ്ട് വ്യക്തമായ കാരണം രേഖപ്പെടുത്തണം. ഈ കാര്യങ്ങൾ മജിസ്ട്രേറ്റ് പരിശോധിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥകളുടെ ലംഘനം വകുപ്പുതല അച്ചടക്ക നടപടികൾക്കും പുറമെ കോടതി അലക്ഷ്യ നടപടികൾക്കും കൂടി വിധേയമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

രാജ്യത്തെ പട്ടികവിഭാഗങ്ങൾക്കിടയിൽ ഈ വിധി കടുത്ത ആശങ്കയുളവാക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും ശക്തമായ വിയോജിപ്പും പ്രതിഷേധവും കേന്ദ്ര സാമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീ. തവാർചന്ദ് ഗഹലോട്ടിനെയും പട്ടികവർഗ്ഗകാര്യ വകുപ്പ് മന്ത്രി ശ്രീ. ജുവൽ ഒറാമിനെയും സംസ്ഥാന സർക്കാർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെടുന്ന പ്രതികളിൽ പലരും വിചാരണ സമയത്ത് പല പല സ്വാധീനങ്ങളാൽ രക്ഷപ്പെടുന്ന സ്ഥിതിയാണ് പൊതുവിൽ ഉള്ളത്. എന്നാൽ ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്ക് ഉടൻ ജാമ്യം ലഭിക്കില്ലയെന്നതും മുൻകൂർ ജാമ്യത്തിന് വ്യവസ്ഥയില്ലാത്തതും ഈ വിഭാഗങ്ങൾക്കെതിരായ അക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ഒരു മുൻകരുതലാണ്. ഈ നിയമ സംരക്ഷണമാണ് സുപ്രീം കോടതി വിധിമൂലം ഇല്ലായ്മ ചെയ്യപ്പെട്ടത്.

സുപ്രീം കോടതി വിധിയെ തുടർന്ന് ആശങ്കയിലായ രാജ്യത്തെ പട്ടികവിഭാഗങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങളെ കേന്ദ്രഭരണ കക്ഷി നയിക്കുന്ന ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ സർക്കാരുകൾ വളരെ ക്രൂരമായാണ് നേരിടുന്നത്. 2-4-2018-ന് വടക്കേ ഇന്ത്യയിൽ സമരക്കാരെ നേരിട്ട പോലീസ് 9 പേരെയാണ് വെടിവെച്ച് കൊന്നത്. പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാതെ പ്രക്ഷോഭകരെ തോക്കുകൊണ്ട് നേരിടുന്ന സമീപനം ഒട്ടും ന്യായീകരിക്കത്തക്കതല്ല. ഈ നിഷ്ഠൂര സംഭവത്തെ അപലപിക്കുന്നതോടൊപ്പം പ്രസ്തുത വിധിക്കെതിരായി നിയമപരമായി സാധ്യമായ എല്ലാ വഴികളും സ്വീകരിക്കണമെന്നും വിധിയുടെ ദൂഷ്യഫലങ്ങൾ മറികടക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുകയും ചെയ്യുന്നു.

The resolution was passed unanimously.

*Legislative Business:*

Motion for consideration and further stages of the Bills as reported by the Subject Committee.

I. Kerala Professional Colleges (Regularisation of Admission in Medical Colleges) Bill, 2018.

*Ruling by the Speaker:*

The Speaker gave the following ruling regarding the point of order raised by Shri V. T. Balram against the consideration of the Kerala Professional Colleges (Regularisation of Admission in Medical Colleges) Bill, 2018.

" സഭ ഇന്ന് പരിഗണിക്കാനിരിക്കുന്ന 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലിന് ആധാരമായ 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസിന്റെ സാധുത ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുകയും അന്തിമവിധി പുറപ്പെടുവിക്കാനിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇന്ന് ഈ ബിൽ പരിഗണിക്കുന്നത് ഉചിതമാണോ എന്നാണ് ശ്രീ. വി. ടി. ബൽറാം ചട്ടം 303 പ്രകാരം ഉന്നയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ഇവിടെ വിശദീകരിക്കുകയുണ്ടായി. സാധാരണഗതിയിൽ ഒരു ബിൽ സഭയുടെ പരിഗണനയ്ക്കായി വരുമ്പോൾ പ്രധാനമായും പരിഗണിക്കുന്നത് പ്രസ്തുത ബില്ലിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള നിയമനിർമ്മാണത്തിന് സഭയ്ക്ക് ഭരണഘടനാദത്തമായ Legislative Competency ഉണ്ടോ എന്നാണ്. ഭരണഘടനയും നടപടിച്ചട്ടവും അനുസരിച്ചുള്ള മറ്റ് നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ട്. അവയെല്ലാം തന്നെ ഈ ബില്ലിന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ട്. ഓർഡിനൻസിലെ വ്യവസ്ഥ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ചില ഭേദഗതികൾകൂടി ഔദ്യോഗിക ഭേദഗതിയായി ബില്ലിൽ നിർദ്ദേശിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചിരിക്കുകയാണ്. മാത്രമല്ല, ഈ ബില്ലിന് ആധാരമായ ഓർഡിനൻസിന്റെ സാധുത ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിൽ മാത്രമാണ്. അതിന്മേൽ അന്തിമവിധിയായിട്ടില്ല. അന്തിമവിധി വരാത്ത സാഹചര്യത്തിൽ സഭയ്ക്ക് അത് സംബന്ധിച്ച ബില്ലുമായി മുന്നോട്ടുപോകുന്നതിൽ ഒരു അപാകതയുമില്ല. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. "

Smt K. K. Shailaja Teacher, Minister for Health and Social Justice moved the motion that the Kerala Professional Colleges (Regularisation of Admission in Medical Colleges) Bill,2018 as reported by the Subject Committee be taken up for consideration.

Shri P. K. Basheer who had recorded his minutes of dissent to the Report of the Subject Committee also spoke.

Shri R. Ramachandran as authorised by Shri V. R. Sunil kumar moved an amendment to circulate the Kerala Professional Colleges (Regularisation of Admission in Medical Colleges) Bill,2018 as reported by the Subject Committee for eliciting public opinion and Shri K. C. Joseph moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Health and Social Justice the amendments moved were withdrawn by the leave of the House. Then the Bill was taken up for clause by clause consideration and passed with the following amendments.

*Clause 2*

(1) ഖണ്ഡം 2-ൽ " സർക്കാരിന്" എന്ന വാക്കിന് പകരം "2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസ (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്ടിന്റെ (2017-ലെ 15) 3- ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക് (ഇതിനുശേഷം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി എന്നാണ് പരാമർശിക്കപ്പെടുക)" എന്ന വാക്കുകളും "സർക്കാർ" എന്ന വാക്കിനുപകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി" എന്ന വാക്കുകളും ചേർക്കുക.

(2) ഖണ്ഡം 2-ൽ "തൽസമയം" എന്ന വാക്കിനു പകരം " തത്സമയം" എന്ന വാക്ക് ചേർക്കുക.

*Clause 3*

3 (i) ഖണ്ഡം 3(2)-ന്റെ പ്രാരംഭ വാചകം താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഈ ആക്ടിൻ കീഴിൽ പ്രവേശനം ക്രമവൽക്കരിക്കുന്നതിനുള്ള ഓരോ അപേക്ഷയും ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും സർവ്വകലാശാല അങ്ങനെയുള്ള അപേക്ഷ താഴെ പറയുന്ന കാര്യങ്ങളിലുള്ള അതിന്റെ അഭിപ്രായം

ഉൾക്കൊള്ളുന്ന റിപ്പോർട്ട് സഹിതം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക് കൊടുക്കേണ്ടതുമാണ്, അതായത് :—".

(ii) ഖണ്ഡം 3(3)-ൽ "സർക്കാർ, ഈ ആവശ്യത്തിലേക്കായി പ്രത്യേക ഉത്തരവുവഴി അധികാരപ്പെടുത്തിയേക്കാവുന്ന, ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ഈ ആക്ടിൻ കീഴിലുള്ള ഒരു അപേക്ഷ പരിഗണിക്കുന്നതിനുള്ള ക്ഷമതയുള്ള അധികാരസ്ഥാനം ആയിരിക്കേണ്ടതാണ്. "എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം" ഈ ആക്ടിൻ കീഴിലുള്ള ഒരു അപേക്ഷ പരിഗണിക്കുന്നതിനുള്ള ക്ഷമതയുള്ള അധികാരസ്ഥാനം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി ആയിരിക്കേണ്ടതും അപ്രകാരമുള്ള" എന്ന വാക്കുകൾ ചേർക്കുക.

(iii) ഖണ്ഡം 3(4)-ൽ, " സർക്കാർ" എന്ന വാക്കിനു പകരം " പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി "എന്ന വാക്കുകൾ ചേർക്കുക.

(iv)ഖണ്ഡം 3(5)-ൽ, "സർക്കാർ" എന്ന വാക്കിനു പകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി" എന്ന വാക്കുകൾ ചേർക്കുക.

(v) ഖണ്ഡം 3(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(6) പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക്, ഈ ആക്ടിൻ കീഴിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്ടിന്റെ (2017-ലെ 15) 8-ാം വകുപ്പിൻ കീഴിൽ നൽകിയിട്ടുള്ള അധികാരങ്ങൾക്ക് പുറമേ, അതിന്റെ സ്വന്തം ഉത്തരവുകളും 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റുനടപടികളും ) ആക്ടിന്റെ (2006-ലെ 19) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവേശന മേൽനോട്ട സമിതി പുറപ്പെടുവിച്ച ഉത്തരവുകളും പുനഃപരിശോധിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്."

(4) ഖണ്ഡം' 3 (1)-ൽ "ഏതെങ്കിലും മെഡിക്കൽ കോളേജിലെ"എന്ന വാക്കുകൾക്കു മുൻപായി "സംസ്ഥാനത്ത്"എന്ന വാക്ക് ചേർക്കുക.

(5) ഖണ്ഡം 3 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ"റിക്കാർഡുകൾ" എന്ന വാക്കിനു പകരം "രേഖകൾ"എന്ന വാക്ക് ചേർക്കുക.

(6) ഖണ്ഡം 3(3)-ൽ "സമൺ ചെയ്യുന്നതിനും" എന്ന വാക്കുകൾക്ക് പകരം "വിളിച്ചുവരുത്തുന്നതിനും" എന്ന വാക്ക് ചേർക്കുക.

(7) ഖണ്ഡം 3(5)-ൽ "സർവ്വകലാശാലാ ആക്റ്റിലോ" എന്നതിന് പകരം "സർവ്വകലാശാല ആക്റ്റിലോ" എന്നത് ചേർക്കുക.

*Clause 4*

(8) ഖണ്ഡം 4(iv) ഒഴിവാക്കുക.

*Clause 5*

(9) ഖണ്ഡം 5(1)-ൽ, " സർക്കാർ" എന്ന വാക്കിനുപകരം "പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി " എന്ന വാക്കുകൾ ചേർക്കുക.

(10) ഖണ്ഡം 5(1)-ൽ, " ക്രമവൽക്കരണ ഫീസായി" എന്നതിനു പകരം "സർക്കാരിൽ" എന്ന് ചേർക്കുക.

(11) ഖണ്ഡം 5(2)-ൽ, " പ്രകാരമുള്ള സർക്കാരിലേക്ക്"എന്നതിനു പകരം "പ്രകാരം സർക്കാരിലേക്ക്"എന്ന് ചേർക്കുക.

II. The Madras Hindu Religious and Charitable Endownment (Amendment) Bill, 2018.

Shri Kadakampally Surendran, Minister for Co-operation,Tourism and Devaswoms moved the motion that the Madras Hindu Religious and Charitable Endowments(Amendment) Bill,2018 as reported by the Subject Committee be taken up for consideration.

Shri Adoor Prakash and Shri  M. Ummer who had recorded their minutes of dissent to the Report of the Subject Committee also spoke.

Shri T. V. Rajesh as authorised by Shri U. R. Pradeep moved an amendment to circulate the Madras Hindu Religious and Charitable Endowments (Amendment) Bill,2018 as reported by the Subject Committee for eliciting public opinion and Shri K. N. A. Khader as authorised by Dr. M. K. Muneer moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Co-operation,Tourism and Devaswoms the amendments moved were withdrawn by the leave of the House. Then the Bill was taken up for clause by clause consideration and passed with the following amendment.

*Clause 2*

In section 8 C (1) of the principal Act proposed to be amended by Clause 2, after the words " in the absence of such an officer" the words " an officer not below the rank of" shall be inserted.

*Question of Breach of Privilege:*

I. The Speaker informed the House that the following notice of question of breach of privilege was under the consideration of the Chair.

2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നു മുതൽ പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികളിൽ ജാതി, മതം എന്നിവയുള്ള കോളങ്ങൾ പൂരിപ്പിക്കാതെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം സംബന്ധിച്ച 2018 മാർച്ച് 26-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിടാത്ത 5266-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ, നിയമസഭാ ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ കാണിക്കേണ്ട ജാഗ്രത ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും മനഃപൂർവ്വവും ദുരുദ്ദേശപരവുമായി സഭയെ തെറ്റിദ്ധരിപ്പിക്കുവാനും വാർത്താ പ്രാധാന്യം കിട്ടുവാനും വേണ്ടി തെറ്റായ ഒരു വിവരം സഭയ്ക്ക് നൽകുക വഴി സഭയുടെ പ്രത്യേക അവകാശങ്ങൾ ലംഘിച്ചുവെന്നും ആരോപിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് എം. എൽ. എ. നൽകിയ നോട്ടീസ്.

II. The Speaker withheld consent to the following notices of question of breach of privilege:

1. 27-11-2017- ലെ സർക്കാർ ഉത്തരവ് (എം. എസ്.) 354/2017/പൊ. ഭ. വ. മുഖേന സർക്കാർ അതിഥി മന്ദിരത്തിൽ സ്യൂട്ട് റൂം അനുവദിക്കുന്നവരുടെ പട്ടികയിൽനിന്ന് നിയമസഭാ സാമാജികരെയും എം. പി. മാരെയും ഒഴിവാക്കിയത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തിന്റെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ ശ്രീ. കെ. സി. ജോസഫ് എം. എൽ. എ. നൽകിയ നോട്ടീസ്.

2. കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തിന്റെ പ്രാരംഭമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2017 ജൂൺ 3- ാം തീയതി നടത്തിയ മെട്രോ റെയിൽ യാത്രയിൽ മെട്രോ റെയിൽപാത കടന്നുപോകുന്ന സ്ഥലങ്ങളിലെ നിയമസഭാ സാമാജികരെ പങ്കെടുപ്പിച്ചില്ലായെന്നാരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. ഹൈബി ഈഡൻ എം. എൽ. എ. നൽകിയ നോട്ടീസ്.

3. 3-6-2017-ന് കൊച്ചി മെട്രോയുടെ സോളാർ പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുവാൻ തീരുമാനിച്ചിരുന്ന ചടങ്ങിലേക്ക് തന്നെ ക്ഷണിക്കാതിരുന്നത് സംബന്ധിച്ച് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ഏലിയാസ് ജോർജിനെതിരെ ശ്രീ. അൻവർ സാദത്ത് എം.എൽ.എ. നൽകിയ നോട്ടീസ്

4. എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽനിന്നും മാരകായുധങ്ങൾ കണ്ടെത്തിയതു സംബന്ധിച്ച് 5-5-2017-ൽ ശ്രീ. പി. ടി. തോമസ് എം. എൽ. എ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ടുനൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത് വസ്തുതാ വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനയാണെന്നാരോപിച്ച് സർവ്വശ്രീ ഹൈബി ഈഡൻ, പി. ടി. തോമസ്, കെ. എം. ഷാജി എന്നീ അംഗങ്ങൾ നൽകിയ നോട്ടീസ്.

The House passed the motion moved by the Chief Minister to adjourn the House *sine die.*

The Speaker made a brief review of the Tenth Session of the Fourteenth Kerala Legislative Assembly.

National Anthem was sung at the end of the proceedings.

The House adjourned *sine die* at 3.45 p.m.

V. K. BABU PRAKASH,
*Secretary .*